

● പി.കെ. നിയാസ്

# കൊസോവോ സ്വതന്ത്ര രാഷ്ട്രമാവുമ്പോൾ

**വംശശുദ്ധീകരണമെന്ന** നിഷ്ഠുരതക്ക് ഇരയായ നൂറുകണക്കിന് കൊസോവൻ മുസ്‌ലിംകളുടെ മൃതശരീരങ്ങൾ ശീതീകരിച്ച ട്രക്കുകളിൽ കൂട്ടിയിട്ട് ഡാന്യൂബ് നദിയിലേക്ക് വലിച്ചെറിഞ്ഞ ഭീകര സംഭവം ഹേഗിലെ അന്താരാഷ്ട്ര ട്രിബ്യൂണൽ പരിഗണനക്കെടുത്ത ആഴ്ചയിൽ തന്നെ പ്രിസ്റ്റീനയിലെ തെരുവോരങ്ങൾ ആഘോഷത്തിമർപ്പിലായത് വിരോധാഭാസമായി തോന്നാം. സെർബ് വംശീയതയുടെ കരാളതയിൽനിന്ന് മറ്റൊരു ജനതകൂടി മോചനം പ്രഖ്യാപിച്ച 2008 ഫെബ്രുവരി 18 ചരിത്രത്തിൽ പുതിയൊരു ഏട് കൂടി ചേർത്തിരിക്കുന്നു. ഏറെനാളത്തെ ആശങ്കകൾക്കൊടുവിൽ റിപ്പബ്ലിക്ക് ഓഫ് കൊസോവോ യാഥാർഥ്യമായെങ്കിലും സംഘട്ടനത്തിന്റെയും വിദ്വേഷത്തിന്റെയും അന്തരീക്ഷം കെട്ടടങ്ങിയിട്ടില്ല. ലോകത്തെ രണ്ടു ചേരികളിലാക്കിയാണ് കൊസോവോ സ്വാതന്ത്ര്യം പ്രഖ്യാപിച്ചിരിക്കുന്നത്.

അമേരിക്കയും ചില പ്രമുഖ യൂറോപ്യൻ രാഷ്ട്രങ്ങളും ഉൾപ്പെടെ 17 രാജ്യങ്ങൾ ഇതിനകം കൊസോവോയെ അംഗീകരിച്ചിട്ടുണ്ട്. സെർബിയ, റഷ്യ, ചൈന, സ്പെയിൻ, റുമാന്യ, സ്ലോവോക്യ, ഗ്രീസ്, സൈപ്രസ് എന്നിവ കൊസോവോയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തെ അംഗീകരിച്ചിട്ടില്ലെന്നു മാത്രമല്ല, ശക്തിയായി എതിർക്കുകയുമാണ്. കൊസോവോ ഇപ്പോഴും യു.എൻ നിയന്ത്രണത്തിലുള്ള സെർബിയൻ പ്രവിശ്യയാണെന്നാണ് മേൽ രാഷ്ട്രങ്ങളുടെ നിലപാട്. പുതിയ രാഷ്ട്രത്തിന് യു.എൻ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ സാങ്കേതികമായി ഈ വാദം നിലനിൽക്കുന്നു. ഇനിയും അംഗീകരിക്കാത്ത രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയും ഉൾപ്പെടും. കൊസോവോയെ ഉയർത്തിപ്പിടിച്ച് കശ്മീരിലെ പോരാളികൾ സ്വാതന്ത്ര്യവാദം ശക്തിപ്പെടുത്തിയ പശ്ചാത്തലത്തിൽ കൊസോവോയുമായി പെട്ടെന്ന് നയതന്ത്ര ബന്ധം വേണ്ടെന്നാണ് വിദേശകാര്യ മന്ത്രാലയത്തിന്റെ നിലപാട്. അതേസമയം ഇന്തോനേഷ്യയിൽനിന്ന് വേറിട്ടുപോയ കിഴക്കൻ തിമൂറിനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിക്കാൻ ഇന്ത്യ ഒട്ടും താമസിച്ചിരുന്നില്ല.

### വംശീയ ഭ്രാന്തിന്റെ ചോരപ്പുഴ

കൊസോവോയും ബോസ്നിയയും ഉൾപ്പെട്ട ബാൽക്കൻ മേഖല ചരിത്രപര

മായി തന്നെ അശാന്തിയുടെ കയത്തിലാണ്. ഒന്നാം ലോക യുദ്ധത്തിനു കാരണമായ ഓസ്ട്രിയൻ രാജകുമാരൻ ഫ്രാൻസ് ഫെർഡിനാന്റെയും ഭാര്യ സോഫി രാജകുമാരിയുടെയും കൊല നടന്നത് ബോസ്നിയൻ തലസ്ഥാനമായ സരയേവോയിലായിരുന്നു. ഹംഗറിയുടെ തെക്കൻ പ്രവിശ്യയായിരുന്ന ഓസ്ട്രിയയെ വേർപെടുത്തി വിശാല സെർബിയയുടെ ഭാഗമാക്കുകയെന്ന വംശീയഭ്രാന്തിന്റെ പരിണതഫലമായിരുന്നു 1914 ജൂൺ 28-ന് നടന്ന രാജകുമാരന്റെ കൊലയും തുടർന്ന് പൊട്ടിപ്പുറപ്പെട്ട ഒന്നാം ലോക യുദ്ധവും. സ്ലാവ് വംശീയത തൊണ്ണൂറുകളുടെ തുടക്കത്തിൽ ബോസ്നിയൻ മണ്ണിൽ വീണ്ടും പത്തിവിടർത്തി. യൂഗോസ്ലാവ്യയിലെ ആറു സ്വയംഭരണ റിപ്പബ്ലിക്കുകളിലൊന്നായ മുസ്‌ലിം ഭൂരിപക്ഷ ബോസ്നിയ ഹെർസഗോവിന ഹിതപരിശോധനയിലൂടെ വേറിട്ടുപോകാൻ തീരുമാനമെടുത്തപ്പോൾ പതിനായിരക്കണക്കിന് മുസ്‌ലിംകളെ നിഷ്ഠുരമായി കൂട്ടക്കൊല ചെയ്ത് സെർബ് വംശീയ ഭ്രാന്തന്മാർ ചരിത്രം ആവർത്തിച്ചു. ബോസ്നിയൻ പ്രശ്നം 1995-ഓടെ ഏതാണ്ട് കെട്ടടങ്ങിയെങ്കിലും വിദ്വേഷത്തിന്റെ കനലുകൾ എരിഞ്ഞടങ്ങിയിട്ടില്ല. ബോസ്നിയയുടെയത്ര ഇല്ലെങ്കിലും വംശീയ ഭ്രാന്തിന്റെ തീവ്രത അനുഭവിച്ച മറ്റൊരു യൂഗോസ്ലാവ്യൻ റിപ്പബ്ലിക്കാണ് കൊസോവോ. സെർബിയൻ ക്രൈസ്തവ വംശീയവാദികളുടെ പീഡനങ്ങളിൽനിന്ന് മോചനം തേടി കൊസോവോയിലെ അൽബേനിയൻ വംശജർ ആരംഭിച്ച പോരാട്ടങ്ങൾ കടുത്ത യുദ്ധത്തിലേക്ക് നയിക്കുകയായിരുന്നു. പന്ത്രണ്ടായിരത്തിലേറെ അൽബേനിയൻ വംശജരും മൂവായിരത്തോളം സെർബുകളും യുദ്ധത്തിൽ കൊല്ലപ്പെട്ടതായാണ് കണക്കാക്കപ്പെടുന്നത്. 20,000ത്തോളം അൽബേനിയൻ സ്ത്രീകൾ സെർബ് വംശീയ ഭ്രാന്തന്മാരാൽ മാനഭംഗത്തിനിരയായി. മൂവായിരത്തോളം പേരെ കാണാതായി. പത്തു ലക്ഷത്തോളം അൽബേനിയൻ വംശജരെ പിറന്നമണ്ണിൽനിന്ന് സെർബുകൾ ആട്ടിപ്പുറത്താക്കി.


യുദ്ധം 1999-ൽ അവസാനിച്ചെങ്കിലും വംശീയവും രാഷ്ട്രീയവുമായ തീക്കനലുകൾ മേഖലയിലാകെ ദൃശ്യമാണ്. ഇരു യുദ്ധങ്ങളും നാറ്റോവിന്റെ ഇടപെടലുകളിലൂടെ അവസാനിക്കുകയും സ്വാതന്ത്ര്യത്തിന്റെ വെള്ളിവെളിച്ചവുമായി പുതിയ രാജ്യങ്ങൾ പിറക്കുകയും ചെയ്തു.

88 ശതമാനം അൽബേനിയൻ വംശജരും ഏഴു ശതമാനം സെർബുകളും ബാക്കി അഞ്ചു ശതമാനം ബോസ്നിയൻ വംശജരായ മുസ്‌ലിംകളും (ബോസ്നിയാക്കുകളും ഗോറാനികളും), റോമ, തുർക്കി വിഭാഗക്കാരും ഉൾപ്പെടുന്നതാണ് കൊസോവോ. മതാടിസ്ഥാനത്തിൽ നോക്കുമ്പോൾ കൊസോവോ ജനതയിൽ 89.5 ശതമാനവും മുസ്‌ലിംകളാണ്.

കൊസോവോയുടെ മിക്ക ഭാഗവും മലനിരകളാണ്. തലസ്ഥാനമായ പ്രിസ്റ്റിനയാണ് ഏറ്റവും വലിയ നഗരം. ജനസംഖ്യ ഒന്നേമുക്കാൽ ലക്ഷം. യൂറോസെവാക്, ദാകോവിക്ക, പെക് എന്നിവയും പ്രധാന നഗരങ്ങളാണ്. പുതിയ ഭരണഘടന അനുസരിച്ച് 120 സീറ്റുകളുള്ള അസംബ്ലിയാണ് രാജ്യത്തിനുണ്ടാവുക. ഇതിൽ 10 സീറ്റുകൾ കൊസോവൻ സെർബുകൾക്കും പത്തു സീറ്റുകൾ സെർബുകളല്ലാത്തവർക്കും സംവരണം ചെയ്തിരിക്കുന്നു. ഡെമോക്രാറ്റിക് ലീഗ് ഓഫ് കൊസോവോ (എൽ.ഡി.കെ) യാണ് ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടി. യൂഗോസ്ലാവ്യൻ വംശീയ നേതാവും സെർബ് പ്രസിഡന്റുമായിരുന്ന മിലോസെവിച്ചിനെതിരെ സമാധാനപരമായ മാർഗങ്ങളിലൂടെ പോരാട്ടം നടത്തിയ ഇബ്റാഹീം റുഗോവയാണ് 2006-ൽ മരിക്കുന്നതുവരെ പാർട്ടിയെ നയിച്ചത്. കൊസോവൻ വിമോചന സേനയും (കെ.എൽ.എ) കൊസോവൻ ജനാധിപത്യ പാർട്ടി(പി.ഡി.കെ)യുമാണ് മറ്റു രണ്ട് പ്രമുഖ പാർട്ടികൾ. കെ.എൽ.എയുടെ മുൻ നേതാവും ഇപ്പോഴത്തെ പ്രധാനമന്ത്രിയുമായ ഹാശിം താച്ചിയാണ് പി.ഡി.കെയെ നയിക്കുന്നത്. കെ.എൽ.എയിൽനിന്ന് തെറ്റിപ്പിരിഞ്ഞ മുൻ കമാണ്ടർ റാമുഷ് ഹരാദിനാജ് നേതൃത്വം നൽകുന്ന അലയൻസ് ഫോർ ദി ഫ്യൂച്ചർ ഓഫ് കൊസോവോയും സജീവമായി രംഗത്തുണ്ട്.

1999-ൽ യു.എൻ രക്ഷാസമിതി

**നാറ്റോയുടെ കീഴിൽ കൊസോവോയിലെ വിഭവങ്ങൾ സ്വകാര്യവൽകരിക്കപ്പെടുകയും പടിഞ്ഞാറൻ ബഹുരാഷ്ട്ര കുത്തകകൾക്ക് തീറെഴുതിക്കൊടുത്തിരിക്കുകയുമാണ്. പുതിയ രാഷ്ട്രത്തിലെ എടുത്തുപറയാവുന്ന നിർമാണ പ്രവർത്തനം യൂറോപ്പിലെ ഏറ്റവും വലിയ യു.എസ് താവളമായ ക്യാമ്പ് ബോണ്ട്സ്റ്റീലിലാണ്. യു.എസ് വൈസ് പ്രസിഡന്റ് ഡിക് ചെനി ഉൾപ്പെടെയുള്ളവർക്ക് പങ്കാളിത്തമുള്ള ഹാലിബേർട്ടനാണ് ഇതിന്റെ കരാർ.**



ഹാശിം താച്ചി



ഇബ്രാഹിം റുഗോവ

പാസ്സാക്കിയ 1244-ാം നമ്പർ പ്രമേയത്തെ തുടർന്ന് പതിനൊന്നായിരത്തോളം ച.കിമീറ്റർ വിസ്തൃതിയുള്ള കൊസോവോ പ്രദേശം ഐക്യരാഷ്ട്ര സഭയുടെ നേരിട്ടുള്ള ഭരണത്തിലായിരുന്നു. നാറ്റോ നേതൃത്വം നൽകുന്ന കൊസോവോ സുരക്ഷാ സേനയുടെ (കഫോർ) സംരക്ഷണ വലയത്തിലാണ് പ്രദേശത്തിന്റെ നിയന്ത്രണം യു.എൻ ഏറ്റെടുത്തത്. മേഖലക്കുമേൽ സെർബിയക്കുള്ള പരമാധികാരം അംഗീകരിച്ചാണ് യു.എൻ ഭരണം കൈയാളിയത്. ഇക്കാലത്തിനിടയിൽ കൊസോവോക്ക് ഭരണാഘടനാ പദവി നൽകുന്നത് സംബന്ധിച്ച ചർച്ചകൾ വഴിമുട്ടിയതിനെ തുടർന്ന് റിപ്പബ്ലിക്കിലെ ഇടക്കാല സർക്കാർ ഫെബ്രുവരി 17-ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയായിരുന്നു.

യഥാർഥ കൊസോവോ പ്രവിശ്യ ഇന്നത്തേതിലും വളരെ വലുതായിരുന്നു. ഓട്ടോമൻ ഭരണത്തിൽ 'വിലായത്ത് കൊസോവോ' എന്ന പേരിലാണ് ഈ ഭൂപ്രദേശം അറിയപ്പെട്ടിരുന്നത്. യൂഗോസ്ലാവ്യയിൽനിന്ന് വേറിട്ട് ഇപ്പോൾ സ്വതന്ത്ര രാജ്യമായ മാസിഡോണിയയുടെ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളും (തലസ്ഥാനമായ സ്കോപ്യ ഉൾപ്പെടെ) അന്ന് വിലായത്തിന്റെ ഭാഗമായിരുന്നു. 1455 മുതൽ 1912 വരെ ഏതാണ്ട് അഞ്ചു നൂറ്റാണ്ടു കാലത്തോളം തുർക്കികളുടെ അധീനതയിലായിരുന്നു പ്രദേശം. ഈ കാലയളവിൽ നിരവധി പോരാട്ടങ്ങൾക്ക് കൊസോവോ വേദിയായി. ഓട്ടോമൻ ഭരണത്തിലാണ് കൊസോവോയുടെ ഇസ്‌ലാമികവൽക്കരണം നടന്നത്.

1912-ലെ ബാൽക്കൻ യുദ്ധത്തിൽ കൊസോവോയുടെ മിക്കവാറും ഭാഗങ്ങൾ സെർബിയൻ രാജവംശത്തിന്റെ അധീനതയിലായി. കൊസോവോയുടെ പുനർകോളനിവൽക്കരണത്തിൽ ശ്രദ്ധയൂന്നിയ സെർബിയൻ ഭരണകൂടം പ്രദേശത്തെ മുസ്‌ലിം ഭൂരിപക്ഷം കുറയ്ക്കാനായി നിരവധി സെർബിയൻ കുടുംബങ്ങൾക്ക് അവിടെ കുടിയേറ്റ കേന്ദ്രങ്ങൾ ഒരുക്കി. നിരവധി മുസ്‌ലിം വീടുകൾ തകർക്കപ്പെട്ടു. നിരവധി അൽബേനിയൻ വംശജർ കൊസോവോയിൽനിന്ന് മലമ്പ്രദേശങ്ങളിലേക്കു പലായനം ചെയ്തു.

കൊസോവോയുടെ അന്തിമ പദവിയെ സംബന്ധിച്ച് അന്താരാഷ്ട്ര തലത്തിലുള്ള ചർച്ചകൾ 2006-ലാണ് തുടങ്ങിയത്. യു.എൻ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ദൂതൻ മാർതി അഹ്തിസാരി 2006 ഫെബ്രുവരിയിൽ ചർച്ചകൾ ആരംഭിച്ചു. 2007 ഫെബ്രുവരിയിൽ അഹ്തിസാരി സമർപ്പിച്ച കരടു പ്രമേയം യു.എൻ രക്ഷാസമിതിയിൽ അമേരിക്കയും ബ്രിട്ടനും യൂറോപ്യൻ പ്രതിനിധികളും പിന്തുണച്ചപ്പോൾ സെർബിയൻ അനുകൂല റഷ്യ എതിർത്തു. അമേരിക്കയും യൂറോപ്യൻ യൂനിയനും റഷ്യയും ഉൾപ്പെട്ട ത്രിരാഷ്ട്രഗ്രൂപ്പ്, പ്രശ്നത്തിൽ യോജിച്ച തീരുമാനം കാണുന്നതിൽ പരാജയപ്പെട്ടു. തുടർന്ന് അന്താരാഷ്ട്ര സമൂഹത്തിന്റെ പിന്തുണയോടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ കൊസോവോ തയാറെടുത്തെങ്കിലും ഫെബ്രുവരി നാലിലെ സെർബിയൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ തീരുമാനം നീട്ടിവെക്കുകയായിരുന്നു. ഇലക്ഷനു മുമ്പ് പ്രഖ്യാപനം നടക്കുന്നത് സെർബിയയിലെ തീവ്രവലതുപക്ഷ വിഭാഗത്തിന് പിന്തുണ വർധിപ്പിക്കുമെന്ന് അമേരിക്കക്കും മറ്റും ആശങ്കയുണ്ടായിരുന്നു.

## അമേരിക്കയുടെ ഇരട്ടത്താപ്പ്

സെർബുകളുടെ വംശശുദ്ധീകരണ ഭീകരതയിൽനിന്ന് എന്നെന്നേക്കുമായി മോചനം തേടി കൊസോവോ നടത്തിയ സ്വതന്ത്ര രാഷ്ട്ര പ്രഖ്യാപനം മനുഷ്യത്വത്തിലും നീതിയിലും ജനാധിപത്യ വാഴ്ചയിലും വിശ്വസിക്കുന്ന ആർക്കും അംഗീകരിക്കാതിരിക്കാനാവില്ല. അതേസമയം, കൊസോവോക്ക് ഇരുപതു വർഷം മുമ്പ് സ്വാതന്ത്ര്യം പ്രഖ്യാപിച്ച ഒരു പ്രദേശം അന്താരാഷ്ട്ര അംഗീകാരം കിട്ടാതെ നരകിക്കുന്നത് ഈ ബഹളത്തിനിടയിൽ കാണാതെ പോവുകയാണ്. 1988 നവംബർ 15-ന് ഫലസ്ത്വീനും ഇതുപോലൊരു സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തിയിരുന്നു. നൂറിലേറെ രാജ്യങ്ങളാണ് അന്ന് പി.എൽ.ഒ നേതാവ് യാസർ അറഫാത്തിന്റെ സ്വാതന്ത്ര്യ പ്രഖ്യാപനത്തെ സ്വാഗതം ചെയ്ത് പുതിയ രാഷ്ട്രത്തെ അംഗീകരിച്ചത്. പക്ഷേ പ്രസ്തുത അംഗീകാരം പ്രതീകാത്മകമായി. ഇസ്രയേലിനെ വെറുപ്പിച്ച് ഒരു നീതിക്കും കൂട്ടുനിൽക്കില്ലെന്ന് പ്രതിജ്ഞയെടുത്ത അമേരിക്കയും ബ്രിട്ടനും ഉൾപ്പെട്ട സാമ്രാജ്യത്വ ശക്തികൾ ഫലസ്ത്വീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിക്കാൻ തയാറായില്ല. അന്നാപൊലീസ് വരെയുള്ള ഉച്ചകോടികൾക്ക് കാർമികത്വം വഹിക്കുന്നുണ്ടെങ്കിലും അമേരിക്കൻ നയം മാറിയിട്ടില്ല. 1967-ൽ ഇസ്രയേൽ അധീനപ്പെടുത്തിയ ഗസ്സയും വെസ്റ്റ്ബാങ്കും മാത്രമാണ് അറഫാത്തിന്റെ സ്വതന്ത്ര ഫലസ്ത്വീൻ രാഷ്ട്രത്തിൽ ഉൾപ്പെട്ടിരുന്നത് എന്നും ഓർക്കേണ്ടതുണ്ട്. 1948-ൽ ഫലസ്ത്വീൻ മണ്ണിൽ രൂപീകൃതമായ ഇസ്രയേലിനുമേലുള്ള അവകാശവാദം അദ്ദേഹം ഉപേക്ഷിച്ചിട്ടും വൻശക്തികൾ കനിയാൻ തയാറായില്ല. മേഖലയിലെ അറബ് രാജ്യങ്ങളെ പ്രതിരോധിക്കാനെന്ന പേരിൽ ഇസ്രയേലിനെ ആയുധമണിയിക്കുന്ന അമേരിക്കക്കും ബ്രിട്ടനും സ്വതന്ത്ര ഫലസ്ത്വീൻ യാഥാർഥ്യമാവണമെന്ന ഒരു മോഹവുമില്ലെന്നു മാത്രമല്ല, അതിനു സഹായകമാവുന്ന ഏതു നീക്കങ്ങൾക്കും പ്രതിബന്ധമാകുന്ന നിലപാടുകളാണ് നാളിതുവരെ സ്വീകരിച്ചുപോന്നത്.

കൊസോവൻ ജനതയിൽ 90 ശതമാനത്തിനും സെർബിയയുടെ പരമാധികാരത്തിൽനിന്ന് വേറിട്ടുപോകണമെന്ന അഭിപ്രായമുള്ളതിനാലാണ് പിന്തുണക്കുന്നതെന്ന് അമേരിക്ക വ്യക്തമാക്കിയിട്ടുണ്ട്. ഈ വാദമനുസരിച്ച് സ്വതന്ത്ര ഫലസ്ത്വീൻ എന്നേ യാഥാർഥ്യമാകേണ്ടതായിരുന്നു. കാരണം, അധിനിവേശ ഗസ്സയും വെസ്റ്റ്ബാങ്കും ഇസ്രയേലിന്റെ ഭാഗമാണെന്ന് അന്താരാഷ്ട്ര സമൂഹം ഇതുവരെ അംഗീകരിച്ചിട്ടില്ല. 90 ശതമാനമല്ല, ഇവിടങ്ങളിലെ ഇസ്രാഈലി കുടിയേറ്റക്കാരല്ലാത്ത മുഴുവനാളുകളും ജൂത അധിനിവേശത്തിനെതിരെ പതിറ്റാണ്ടുകളായി പോരാട്ടത്തിലുമാണ്. കൊസോവോയാവട്ടെ, സാങ്കേതികമായി സെർബിയയുടെ ഭാഗമായിരുന്നു എന്നെങ്കിലും പറയാം.

കൊസോവൻ ജനത യു.എൻ ഭരണത്തിലും നാറ്റോ സംരക്ഷണത്തിലും കഴിയാൻ തുടങ്ങിയിട്ട് ഒമ്പതു വർഷമേ ആയുള്ളൂ. എന്നാൽ ഫലസ്ത്വീനികൾ ഇസ്രയേൽ അധിനിവേശത്തിനു കീഴിൽ നാൽപതു വർഷമായി കൊടും യാതനകൾ അനുഭവിച്ചുപോരുകയാണ്.

## ആശങ്കകൾ ബാക്കി

കൊസോവോയുടെ കാര്യത്തിൽ അമേരിക്കയുടെ താൽപര്യങ്ങൾക്കു പിന്നിൽ മറ്റു പലതുമുണ്ട്. കഴിഞ്ഞ ഒമ്പതു വർഷം നാറ്റോയുടെ ലേബലിൽ അമേരിക്കയുടെ ഭരണമാണ് കൊസോവോയിൽ നടപ്പിലാക്കിയതെന്ന് ആരോപണമുണ്ട്. സ്വാതന്ത്ര്യം പ്രഖ്യാപിച്ചെങ്കിലും യു.എസ്, യൂറോപ്യൻ യൂനിയൻ, നാറ്റോ സഖ്യം നിശ്ചയിക്കുന്ന അഡ്മിനിസ്ട്രേറ്ററുടെ (ഇന്റർനാഷനൽ സിവിലിയൻ റെപ്രസന്റേറ്റീവ്) വലയത്തിലായിരിക്കും പുതിയ രാഷ്ട്രം. നിയമങ്ങൾ റദ്ദാക്കൽ മുതൽ കസ്റ്റംസ്, നികുതി, ധനകാര്യം, ബാങ്കിംഗ് തുടങ്ങി സുപ്രധാന വിഷയങ്ങ

ളിൽ വരെ അഡ്മിനിസ്ട്രേറ്റർക്ക് അധികാരമുണ്ട്. പഴയ കൊളോണിയൽ-വൈസ്രോയി ഭരണത്തിന്റെ പുനരുജ്ജീവനം. ഇറാഖിൽ അമേരിക്കൻ അധിനിവേശത്തിന്റെ ആദ്യ രണ്ടു വർഷം പോൾ ബ്രെമർ അധികാരം കൈയാളിയത് ഈ രീതിയിലായിരുന്നു. ആഭ്യന്തര സുരക്ഷ, വിദേശ നയം, ജുഡീഷ്യറി, കോടതി തുടങ്ങിയവയുടെ നിയന്ത്രണം ഇ.യു രൂപീകരിക്കുന്ന യൂറോപ്യൻ സെക്യൂരിറ്റി ആന്റ് ഡിഫൻസ് പോളിസി മിഷനും (ഇ.എസ്.ഡി.പി) നാറ്റോക്കുമായിരിക്കും. ഇപ്പോൾ തന്നെ കൊസോവോയിലെ ഏറ്റവും വലിയ ജയിൽ യു.എസ് സൈനിക താവളമായ ക്യാമ്പ് ബോണ്ട്സ്റ്റീലിലാണ് പ്രവർത്തിക്കുന്നത്.

അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റം കൊസോവൻ ജനതക്ക് ഇത്രയും നാൾ കാര്യമായ പുരോഗതിയൊന്നും നൽകിയിട്ടില്ല. തൊഴിലില്ലായ്മ 60 ശതമാനം കടന്നിരിക്കുന്നു. ഒരു കാലത്ത് ഖനികളും മില്ലുകളും ഇരുമ്പുരുക്കു വ്യവസായവും വ്യവസ്ഥാപിതമായ റെയിൽ, റോഡ് സംവിധാനങ്ങളുമൊക്കെയായി ബഹളമയമായിരുന്ന മേഖല ഇന്ന് ഏറെക്കുറെ ഉറക്കത്തിലാണ്. നാറ്റോയുടെ കീഴിൽ കൊസോവോയിലെ വിഭവങ്ങൾ സ്വകാര്യവൽക്കരിക്കപ്പെടുകയും പടിഞ്ഞാറൻ ബഹുരാഷ്ട്ര കുത്തകകൾക്ക് തീറെഴുതിക്കൊടുത്തിരിക്കുകയുമാണ്. പുതിയ രാഷ്ട്രത്തിലെ എടുത്തുപറയാവുന്ന നിർമാണ പ്രവർത്തനം യൂറോപ്പിലെ ഏറ്റവും വലിയ യു.എസ് താവളമായ ക്യാമ്പ് ബോണ്ട്സ്റ്റീലിലാണ്. യു.എസ് വൈസ് പ്രസിഡന്റ് ഡിക് ചെനി ഉൾപ്പെടെയുള്ളവർക്ക് പങ്കാളിത്തമുള്ള ഹാലിബേർട്ടനാണ് ഇതിന്റെ കരാർ.

പുതിയ രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതി ശോചനീയണമാണെന്നും യൂറോപ്യൻ യൂനിയന്റെ സഹായ സഹകരണങ്ങളിലാണ് കൊസോവോ നിലനിൽക്കുന്നതെന്നുമുള്ള മുതിർന്ന യു.എസ് നയതന്ത്രജ്ഞൻ നിക്കോളാസ് ബേൺസിന്റെ പ്രസ്താവന ശ്രദ്ധേയമാണ്. രാജ്യങ്ങളുടെ പിറവിക്ക് വൻ രാഷ്ട്രങ്ങൾ പിന്തുണ നൽകുമ്പോൾ അവയുടെ മുന്നോട്ടുള്ള പ്രയാണത്തിന് വിഭവങ്ങൾ നൽകാനും തയാറാവേണ്ടതുണ്ട്. കിഴക്കൻ തിമൂറിന്റെ കാര്യത്തിൽ അതുണ്ടായെങ്കിലും ബോസ്നിയയുടെ വിഷയത്തിൽ വേണ്ടത്ര ഫലപ്രദമായില്ല. ബോസ്നിയൻ സമ്പദ്ഘടന വൻ ഭീഷണി നേരിടുകയാണ്. കൊസോവോയെപ്പോലെ തൊഴിലില്ലായ്മ 60 ശതമാനം കടന്നിരിക്കുന്നു. ഇ.യു നൽകുന്ന ബില്യൻ കണക്കിന് ഡോളറിന്റെ സഹായങ്ങൾ എങ്ങുമെത്തുന്നില്ല. ബോസ്നിയക്കാരും സെർബുകളും ക്രോട്ടുകളും ഉൾപ്പെടുന്ന മൂന്ന് പ്രബല വംശീയ വിഭാഗങ്ങൾ തമ്മിൽ സ്വരച്ചേർച്ചയില്ലാത്തതും വലിയ ഭീഷണിയാണ്. കൊസോവോയെയും ഇത് ബാധിക്കും. ബോസ്നിയയിൽ ചെയ്തതു പോലെ വംശീയത അതിശക്തമായി ഇളക്കിവിടാനുള്ള ശ്രമങ്ങൾ സെർബ് ഭരണകൂടം തുടരുകയാണ്. സെർബിയയിൽ ഈയിടെ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പടിഞ്ഞാറൻ അനുകൂല ബോറിസ് ടാഡിക് കടുത്ത വംശീയവാദി നേതാവ് മിറോസ്ലാവ് നിക്കോളിക്കിനെ തോൽപിച്ചെങ്കിലും ഭൂരിപക്ഷം നന്നെ കുറവായിരുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കുകയാണെങ്കിൽ പ്രധാന മന്ത്രി വോയിസ്ലാവ് കോസ്തുണിക്ക തീവ്ര വംശീയ വിഭാഗവുമായി ധാരണയിലെത്തി അധികാരം നിലനിർത്താനുള്ള സാധ്യത തള്ളാനാവില്ല.

റിപ്പബ്ലിക്കുകളുടെ വേറിട്ടുപോകലിലൂടെ വിശാല സെർബിയ എന്ന ആത്യന്തിക ലക്ഷ്യത്തിന് തിരിച്ചടിയേറ്റെങ്കിലും സെർബ് തീവ്ര ദേശീയത അത്ര പെട്ടെന്ന് ദുർബലമാകാനിടയില്ല. ബോസ്നിയൻ സെർബുകളുടെ ശക്തികേന്ദ്രമായ സർപസ്ക റിപ്പബ്ലിക് ഫെഡറൽ ഘടനയിൽനിന്ന് വേറിട്ടുപോകാനുള്ള ശ്രമത്തിലാണ്. പുതിയ സാഹചര്യത്തിൽ ഇത്തരം നീക്കങ്ങൾ കരുത്താർജിക്കാനാണിട. ■